# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 934 25.01.2018 -ലെ മറുപടി

## ആലപ്പാട് ചെറിയഴീക്കൽ, വെള്ളനാതുരുത്ത് ഭാഗങ്ങളിലെ കടൽഭിത്തിയുടെ ശോച്യാവസ്ഥ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ രാമചന്ദ്രൻ | മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ഓഖി ചുഴലിക്കാറ്റിനോടനുബന്ധിച്ചുള്ള കടൽ ക്ഷോഭത്തിൽ, ആലപ്പാട് ഗ്രാമപഞ്ചായത്തിലെ ചെറിയഴീക്കൽ, വെള്ളനാതുരുത്ത് ഭാഗങ്ങളിലെ കടൽഭിത്തി തകർന്ന് അപകടകരമായ നിലയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) തകർന്ന കടൽഭിത്തി പുനർനിർമ്മിക്കുന്നതിനുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) ഉണ്ട്. വെള്ളനാതുരുത്ത് ഐ ആർ ഇ മൈനിംഗ് ഏരിയാ പ്രദേശത്ത് ഐ ആർ ഇയുടെ ഫണ്ട് ഉപയോഗിച്ച് ഒരു പുലിമുട്ട് ശൃംഖലയും അനുബന്ധ കടൽഭിത്തിയുടെ അറ്റകുറ്റ പണികളും നിലവിൽ ആരംഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയിൽ വെള്ളനാതുരുത്ത്ഭാഗത്തെ തകർന്ന കടൽഭിത്തിയുടെ പുനരുദ്ധാരണവുമുൾപ്പെടുത്തിയിട്ടുണ്ട്. (ആകെ അടങ്കൽ തുക 920 ലക്ഷം). |
| (സി) ചെറിയഴീക്കൽ, ശ്രായിക്കാട് എന്നീ ഭാഗങ്ങളിൽ പുലിമുട്ട് നിർമ്മിക്കുന്നതിനുള്ള പദ്ധതികളുടെ പുരോഗതി സംബന്ധിച്ച് വിശദീകരിക്കുമോ? | (സി) ചെറിയഴീക്കൽ, ശ്രായിക്കാട് ഭാഗങ്ങളിൽ തീരസംരക്ഷണത്തിനായി ഐ.ഐ.ടി സിഡബ്ല്യുപിആർഎസ് (IIT/CWPRS) മുഖേന പഠനം നടത്തുന്നതിനാവശ്യമായ ശുപാർശ സർക്കാർ പരിഗണനയിലാണ്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പഠനം പൂർത്തിയാക്കി അവരിൽനിന്നും ലഭിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പ്രവർത്തികൾ രൂപകൽപ്പന ചെയ്ത് നടപ്പിലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ